# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *120 28.04.2017 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>,, സി.കെ. ഹരീന്ദ്രൻ<br>,, ജോർജ് എം. തോമസ്<br>,, എം. മുകേഷ് | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസം എന്ന പേരിലുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണം, കഴിഞ്ഞ 12 വർഷം കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ ആഘാതം വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ.ഐ.സി.റ്റി.ഇ, കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. കൂടാതെ സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ.(എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഏതാനും മേഖലകളിലെ വൈദഗ്ധ്യവികസനം മാത്രം ലക്ഷ്യമാക്കിയ എഞ്ചിനീയറിംഗ് കോളേജുകൾ ആ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ആവശ്യത്തിലധികം സൃഷ്ടിക്കുകയും വേതനമിടിവിന് കാരണമാകുകയും അതോടൊപ്പം ബൗദ്ധിക ശേഷിയുള്ളവരെ വൈജ്ഞാനിക മേഖലയിൽ നിന്ന് അകറ്റി നിർത്തുന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗമാകെ നിലവാരത്തകർച്ച നേരിടുകയും ചെയ്യുന്ന സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | | |
| (സി) | നിലവിൽ 60376 എഞ്ചിനീയറിംഗ് സീറ്റുകളിൽ അഞ്ചുശതമാനം മാത്രമേ | (സി) | 2016-17 അദ്ധ്യയന വർഷത്തിൽ 55,604 അംഗീകൃത സീറ്റുകളാണ് എഞ്ചിനീയറിംഗ് കോഴ്സിനുണ്ടായിരുന്നത്. ഇതിൽ 35,580 |

| | | | |
|---|---|---|---|
| | സർക്കാർ മേഖലയിലുള്ളവെന്നത് കണക്കിലെടുത്ത് സഹകരണ മേഖലയിൽ കൂടുതൽ സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാനും ഇത് സംബന്ധിച്ച് ഒരു പഠനം നടത്തി ആകെ സീറ്റുകൾ ആവശ്യാധിഷ്ഠിതമായി നിജപ്പെടുത്തുന്നതിനും നടപടിയെടുത്ത് വാണിജ്യവൽക്കരണം നിയന്ത്രണ വിധേയമാക്കുമോ? | | സീറ്റുകളിലാണ് വിദ്യാർത്ഥികൾ പ്രവേശിച്ചത്. സഹകരണ മേഖലയിൽ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) കീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്. അവയിലെല്ലാം കൂടി 3040 ബി.ടെക് സീറ്റുകളുണ്ട്. അതിൽ ഏകദേശം 956 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് ആകർഷണീയത കുറഞ്ഞുവരുകയാണ്. ഏറിയും കുറഞ്ഞുമുള്ള അളവിൽ സീറ്റുകൾ വിവിധ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ മേഖലയിൽ ഇനിയും കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് പ്രായോഗികമായി പ്രയോജനകരമാണെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ